**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 296** **27-06-2022 - ൽ മറുപടിയ്ക്ക്**

**റേഷൻകടകളിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനായി റേഷൻകടകളിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഒന്നാം LDF സർക്കാരിന്റെ കാലഘട്ടത്തിൽ തുടങ്ങിവച്ച ആധുനികവത്ക്കരണ പ്രവർത്തനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൂടുതൽ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുകയും ഭക്ഷ്യധാന്യ വിതരണം കൂടുതൽ കൃത്യതയും സുതാര്യവുമാണെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. 99.9% റേഷൻകാർഡുകളും ആധാറുമായി ബന്ധിപ്പിക്കുകയും ആയതിലൂടെ ഇരട്ടിപ്പ് ഒഴിവാക്കുന്നതിനും മുൻഗണനാ പട്ടികയിലേക്ക് കൂടുതൽ അർഹരെ ഉൾപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. നിലവിൽ പൊതുവിതരണരംഗം ശാക്തീകരിക്കുന്ന തിന്റെയും ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകളെ വൈവിധ്യവത്കരിക്കുവാൻ തീരുമാനിച്ചതിന്റെ ആദ്യ ഘട്ടമായി ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെ ഉൾപ്പെടുത്തികൊണ്ട് **കെ-സ്റ്റോർ** എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. നിലവിലുള്ള സേവനങ്ങൾക്ക് പുറമേ മിനി അക്ഷയ സേവനങ്ങളും സപ്ലൈകോ സബ്സിഡി ഉത്പന്നങ്ങളുടെ വിപണനവും 5000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം, മിൽമയുടെ സംഭരണ കാലാവധി കൂടുതലുള്ള ഉത്പന്നങ്ങൾ, മിനി എൽ.പി.ജി സിലിണ്ടർ എന്നിവയുടെ വിപണനവും നടപ്പാക്കുന്നത് വഴി റേഷൻകടയുടമകൾക്ക് ഒരു അധിക വരുമാന മാർഗ്ഗമാണ് കെ-സ്റ്റോർ എന്ന പദ്ധതി കൊണ്ട് |

| | | | |
|---|---|---|---|
| | | | ലക്ഷ്യമിടുന്നത്. 2022-23 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>**<u>പദ്ധതിയിൽ റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്</u>.**<br><br>1. 300 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുള്ള കട<br><br>2. ടി പദ്ധതിയിൽ പങ്കാളികളാകുവാൻ സ്വമേധയാ വരുന്നവർ<br><br>3. റേഷൻകടകളുടെ 02 കി.മീ ചുറ്റളവിൽ സപ്ലൈകോ ഔട്ട്.ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത അവസ്ഥ<br><br>സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും കെ സ്റ്റോർ പദ്ധതിയിൽ പങ്കാളികളാകുന്നതിന് വേണ്ടി സ്വമേധയാ തയ്യാറായി 837 ലൈസൻസികൾ വന്നിട്ടുണ്ട്. കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടം എന്ന നിലയിൽ ഓരോ ജില്ലയിൽ നിന്നും കുറഞ്ഞത് 05 റേഷൻ കടകളെ വീതം തെരഞ്ഞെടുത്ത് ടി പദ്ധതി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | നിലവിൽ വിഭാവനം ചെയ്യുന്ന പരിഷ്കാര നടപടികളെക്കുറിച്ച് വിശദീകരിക്കാമോ? | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ